## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 171 03.02.2020-ൽ മറുപടിക്ക്

**സൈബർ ക്രൈം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം. സ്വരാജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സൈബർ കേസ്സുകളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ചുള്ള വ്യത്യാസം അറിയിക്കുമോ; | (എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷം രജിസ്റ്റർ ചെയ്ത സൈബർ കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| 2017 | 322 |
| 2018 | 419 |
| 2019 | 488 |
| 2020 (ജനുവരി 27 വരെ) | 21 |

| | |
|---|---|
| (ബി) സൈബർ ക്രൈം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സോഷ്യൽ മീഡിയ വഴിയും സ്കൂൾ, കോളെജ്, റസിഡന്റ്സ് അസ്സോസിയേഷനുകൾ എന്നിവിടങ്ങളിലും സംസ്ഥാന പോലീസ് സൈബർ ക്ലാസ്സുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ